"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ


സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി – തിരുവല്ല നഗരസഭ – സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ മരണപ്പെട്ട സി.വി.ശശിയുടെ മകൻ ശ്രീ.അമൽ.സി.എസ് - എൽ ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.


തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(കൈ) നം.142/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/07/2021

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.പ.ഭ.വ നമ്പർ ഉത്തരവ്.

2. ശ്രീ.അമൽ.സി.എസ്-ന്റെ 26.03.2019 തീയതിയിലെ അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 27.09.2019 തീയതിയിലെ ഇ4- 16009/19 നമ്പർ കത്ത്.

4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം.5/2018/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.

5. പത്തനംതിട്ട ജില്ലാ കളക്ടറുടെ 20.06.2020 തീയതിയിലെ DCPTA/81/2020-S4 നമ്പർ കത്ത്.

## ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് തിരുവല്ല നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 26.08.2013 ന് മരണപ്പെട്ട സി.വി.ശശിയുടെ മകൻ ശ്രീ.അമൽ.സി.എസ് (ചീരംതോട്ടത്തിൽ,പാലിയക്കര പി ഒ,തിരുവല്ല, പത്തനംതിട്ട) അപേക്ഷ സമർപ്പിച്ചിരുന്നു. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 24.12.1958 ഉം , 01.12.1998 ഉം ആണ്. നഗരകാര്യ ഡയറക്ടറും പത്തനംതിട്ട ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട് .

2. അപേക്ഷകൻ പ്ലസ് ടു പാസ്സായിട്ടുള്ളതും ടിയാന്റെ ജനന തീയതി 18.05.2000 ഉം ആണ്. ടിയാൻ ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ (26.03.2019) നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിച്ചിട്ടുണ്ട് . ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും .ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകനും തിരുവല്ല നഗരസഭ സെക്രട്ടറിയും വ്യക്തമാക്കിയിട്ടുണ്ട് . പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകനായ ശ്രീ.അമൽ.സി.എസ്-ന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. അപേക്ഷകൻ അവിവാഹിതനാണ്. ടിയാന്റെ കുടുംബ വാർഷിക 1,44,000/- രൂപയാണെന്ന് (ഒരു ലക്ഷത്തി നാൽപ്പത്തിനാലായിരം രൂപ മാത്രം) തിരുവല്ല വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ,പരാമർശം 4 പ്രകാരം

ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായ പരിശോധിച്ചു. തിരുവല്ല നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 26.08.2013 ന് മരണപ്പെട്ട സി .വി.ശശിയുടെ മകൻ ശ്രീ.അമൽ.സി.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ , ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ ആശ്രിത നിയമനം അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യത അനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ് .

5. ഈ ജോലി ലഭിക്കുന്നതിനായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്</u>

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
സെക്രട്ടറി, തിരുവല്ല നഗരസഭ
ജില്ലാ കളക്ടർ , പത്തനംതിട്ട
ശ്രീ.അമൽ.സി.എസ്, ചീരംതോട്ടത്തിൽ,പാലിയക്കര പി ഒ,തിരുവല്ല, പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/232/2019-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ